**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3515 — 22.08.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

കട്ടമ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തിയ നടപടി

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിലെ കട്ടമ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തിയതിന്റെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, സൗകര്യങ്ങൾ ക്രമീകരിക്കുക എന്നിവയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ, എന്നിവയും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്ക്കരണ ത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | നിലവിൽ എന്തൊക്കെ നടപടികളാണ് ഇതിനുവേണ്ടി സ്വീകരിച്ചിട്ടുളളത് എന്ന് വിശദമാക്കുമോ; | | |
| (സി) | ഈ പ്രാഥമികാരോഗ്യകേന്ദ്രത്തെ ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തിയതിനാൽ പുതുതായി എത്ര തസ്തികകൾ കൂടി സൃഷ്ടിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കട്ടമ്പുഴ പി.എച്ച്.സി-യിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ